# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

ഷോപ്പിംഗ് മാളുകളിൽ സൗജന്യ പാർക്കിംഗ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2697** 09.05.17- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഷോപ്പിംഗ് മാളുകളിൽ സൗജന്യ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണമെന്ന വ്യവസ്ഥ ബിൽഡിംഗ് റൂൾസിലുണ്ടോ; | (എ) | ഷോപ്പിംഗ് മാളുകളിൽ സൗജന്യ പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തണമെന്ന് പ്രത്യേക വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും പ്രതിപാദിക്കുന്നില്ല. എന്നാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 (8), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 (8) എന്നിവ പ്രകാരം കെട്ടിടത്തിനു ചുറ്റും ചട്ടപ്രകാരം വിടേണ്ടതായ മാൻ ഡേറ്ററി ഓപ്പൺ സ്പേസ്, വാഹന പാർക്കിംഗിനായി വിൽക്കാനോ വാടകയ്ക്ക് നൽകാനോ (Sold or let out) പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ നിലവിലെ ഷോപ്പിംഗ് മാളുകളിൽ ആ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; സൗജന്യ-മായി ഈ സൗകര്യം കസ്റ്റമേഴ്സിന് ലഭ്യമാക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സൗജന്യ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥയില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം നിയമാനുസൃത പാർക്കിംഗ് ആവശ്യ-മാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പെയ്ഡ് പാർക്കിംഗ് സൗകര്യ-മാണ് ചില മാളുകളിൽ ലഭ്യമാക്കിയിട്ടുള്ളതെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) | ഇക്കാര്യം പരിശോധിച്ച് ആവശ്യ-മായ നടപടി സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ